## പതിമൂന്നാം കേരളനിയമസഭ
## പതിന്നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5518  28/07/2015 ൽ മറുപടിയ്ക്ക്.**

**പള്ളിച്ചൽ പഞ്ചായത്ത് വനിതയെ ശല്യക്കാരിയായി പ്രഖ്യാപിച്ചത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും<br>സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ശ്രീമതി.വിജിത എന്ന വനിതയെ ശല്യക്കാരിയായി പ്രഖ്യാപിക്കുവാൻ തീരുമാനമെടുത്ത പള്ളിച്ചൽ പഞ്ചായത്തിനെതിരെ സർക്കാരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) യും (സി) യും: ഉണ്ട്<br>പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.വിജിതയ്ക്കെതിരെ എടുത്ത തീരുമാനം ഓംബുഡ്സ്മാന് റഫർ ചെയ്യുന്നതുവരെ നിർത്തിവയ്ക്കാൻ സർക്കാർ പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസ് നോട്ടിന്റെഅടിസ്ഥാനത്തിൽ 10/04/2015 ലെ പഞ്ചായത്ത് സമിതി പ്രസ്തുത തീരുമാനം റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) ആരെയെങ്കിലും ശല്യമായി പ്രഖ്യാപിക്കുവാൻ പഞ്ചായത്തുകൾക്ക് നിയമപരമായ അവകാശമുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരാളെ ശല്യമായി പ്രഖ്യാപിക്കാൻ അവകാശം നൽകിയിട്ടില്ല. |
| (സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയമവിരുദ്ധമായ നടപടിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ